ജനവരി 22, 2014

# 2005-ന് മുൻപ് പുറത്തിറക്കിയ കറൻസി നോട്ടുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പിൻവലിക്കുന്നു

2005-ന് മുൻപ് പുറത്തിറക്കിയതും ഇപ്പോൾ പ്രചാരത്തിലിരിക്കുന്നതുമായ മുഴുവൻ കറൻസി നോട്ടുകളും 2014 മാർച്ച് 31 മുതൽ പിൻവലിക്കുവാൻ തീരുമാനിച്ചതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അറിയിക്കുന്നു. 2014 ഏപ്രിൽ 1 മുതൽ പ്രസ്തുത നോട്ടുകൾ മാറ്റി വാങ്ങുവാൻ പൊതു ജനങ്ങൾക്ക് സൌകര്യമുണ്ടായിരിക്കുന്നതാണ്. പിൻവലിക്കുന്ന കറൻസി നോട്ടുകളുടെ മറുവശത്ത് അച്ചടിക്കപ്പെട്ട വർഷം രേഖപ്പെടുത്തിയിട്ടില്ല. അതു കൊണ്ട് തന്നെ ഈ നോട്ടുകൾ പൊതു ജനങ്ങൾക്ക് എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയും.

2005-ന് മുൻപ് പുറത്തിറക്കിയ കറൻസി നോട്ടുകൾക്ക് തുടർന്നും നിയമ സാധുത ഉണ്ടായിരിക്കുന്നതാണ്. അതിനാൽ ഇടപാടുകാർക്കും മറ്റുള്ളവർക്കും പ്രസ്തുത നോട്ടുകൾ, ബാങ്കുകളെ സമീപിച്ച് മാറ്റിയെടുക്കുവാൻ സൌകര്യമുണ്ടായിരിക്കും. എന്നാൽ 2014 ജുലൈ 1 മുതൽ മേൽപ്പറഞ്ഞ കറൻസി നോട്ടുകളിൽപ്പെട്ട 500, 1000 രൂപയുടെ 10-ൽ കൂടുതൽ നോട്ടുകൾ കൈവശമുള്ള ബാങ്ക് ഇടപാടുകാരല്ലാത്തവർ, ഇവ മാറ്റിയെടുക്കുന്നതിന് അവരുടെ തിരിച്ചറിയൽ രേഖയും മേൽവിലാസം തെളിയിക്കുന്ന രേഖയും അതാത് ബാങ്ക് ശാഖകൾക്ക് നൽകേണ്ടതാണ്.

2005-ന് മുൻപുള്ള കറൻസി നോട്ടുകളുടെ പിൻവലിക്കൽ സംബന്ധിച്ച് പൊതുജനങ്ങൾ ഒരു വിധത്തിലും ആശങ്കപ്പെടേണ്ടതില്ലെന്നും ഈ പ്രക്രിയയുമായി പൂർണ്ണമായും സഹകരിക്കണമെന്നും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അഭ്യർത്ഥിക്കുന്നു.

അജിത് പ്രസാദ്
അസിസ്റ്റന്റ് ജനറൽ മാനേജർ

പത്രപ്രസ്താവന : 2013-14/1472